## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 522** **08.08.2017-ലെ മറുപടിക്ക്**

## വ്യവസായ നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>" അനൂപ് ജേക്കബ്<br>" സണ്ണി ജോസഫ്<br>" അടൂർ പ്രകാശ് | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | സംസ്ഥാന സർക്കാരിന്റെ വ്യവസായ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ, ബി, & സി | വ്യവസായ മേഖലയിൽ ഗണ്യമായ മാറ്റം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ നിലവിലുള്ള വ്യവസായ നയത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി പുതിയ വ്യവസായ വാണിജ്യ നയം രൂപീകരിക്കുവാൻ സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും കരട് വ്യവസായ നയം അഭിപ്രായം സ്വരൂപിക്കുന്നതിലേക്കായി സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ജന സാന്ദ്രതയും, പരിസ്ഥിതി അവബോധവും കണക്കിലെടുത്ത് പരിസ്ഥിതി സൗഹാർദ്ദപരവും മലിനീകരണം പരമാവധി കുറഞ്ഞതുമായ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തിയുള്ള ചെറു സംരംഭങ്ങൾ വഴി ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, പരമ്പരാഗത രീതിയിലുള്ള ഉത്പാദനത്തിൽ നിൽക്കുന്നവർക്ക് മാന്യമായ വരുമാനം ഉറപ്പുവരുത്തുക, അതു വഴി വ്യവസായ പുരോഗതിയും സാമ്പത്തിക വളർച്ചയും നേടുകയെന്നതാണ് ലക്ഷ്യമിടുന്നത്. കരട് വ്യവസായ നയം |
| ബി | വ്യാവസായിക വളർച്ചയിൽ രാജ്യത്തെ ആദ്യ പത്ത് സംസ്ഥാനങ്ങളിൽ ഒന്നായി കേരളത്തെ ഉയർത്തുക എന്ന ലക്ഷ്യത്തോടുകൂടി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നത്; | | |
| സി | സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ അടുത്ത നാല് വർഷങ്ങളിൽ എത്ര കോടി രൂപയുടെ നിക്ഷേപമുണ്ടാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്തു കഴിഞ്ഞിട്ടുണ്ട്. കാർഷികവിള അടിസ്ഥാനമാക്കിയുള്ള ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ, ബയോഡിഗ്രേഡബിൾ പ്ലാസ്റ്റിക് വ്യവസായങ്ങൾ, ജൈവ വള വ്യവസായങ്ങൾ, പ്ലാസ്റ്റിക് മാലിന്യങ്ങളുടെ റീ സൈക്ലിങ് വ്യവസായം, പാരമ്പര്യേതര ഊർജ്ജോത്പാദനത്തിനുള്ള സാമഗ്രികൾ നിർമ്മിക്കുന്ന വ്യവസായങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകൽ, തൊഴിൽ വൈദഗ്ധ്യം നേടിയ തൊഴിലാളികളെയും പരമ്പരാഗതമേഖലയിലെ തൊഴിലാളികളെയും വിനിയോഗിച്ച് കൊണ്ട് കരകൗശലമേഖലയിൽ പുരോഗതി കൈവരിക്കുകയും, അപ്രകാരം രാജ്യത്തിലെ ആദ്യ പത്ത് നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിലൊന്നായി സംസ്ഥാനത്തെ മാറ്റുകയെന്നതാണ് നയത്തിന്റെ വീക്ഷണം. അടുത്ത 4 വർഷങ്ങളിൽ 7500 കോടി രൂപയുടെ നിക്ഷേപസമാഹരണത്തിനു ലക്ഷ്യമിടുന്നു . |

സെക്ഷൻ ഓഫീസർ